Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

2.7.2016

All Kerala Press Release
*Ref: 226/POC/DIR*

## സമഗ്രതയിലേക്ക് വളരുക - സന്തോഷം പങ്കുവയ്ക്കുക: ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ

**കൊച്ചി:** വ്യക്തിതലത്തിലും കുടുംബങ്ങളിലും സമൂഹത്തിലും അസ്വസ്ഥതകളുടെ ബാഹുല്യം അനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ മനസ്സിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും തലങ്ങളിൽ സന്തോഷത്തിന്റെ പൂർണത അനുഭവിക്കുന്ന സമഗ്രവ്യക്തിത്വത്തിന്റെ ഉടമകളായി നാം ഓരോരുത്തരും മാറണമെന്നും അതുവഴി ലോകത്തെ കൂടുതൽ സന്തോഷഭരിതമാക്കണമെന്നും ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ. പിഒസിയിൽ ആരംഭിച്ച മനശ്ശാസ്ത്രകോഴ്സ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നാം സ്വയം അറിയുകയും സന്തോഷമനുഭവിക്കുന്നവരായി മാറുകയും ചെയ്യുമ്പോൾ മാത്രമേ മറ്റുള്ളവരെ സന്തോഷത്തിലേക്ക് നയിക്കാനും ലോകത്തെ കൂടുതൽ മനോഹരമാക്കാനും സാധിക്കുകയുള്ളൂവെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

പിഒസി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, റവ. ഫാ. ഷാജി സ്റ്റീഫൻ ഒഡിഇഎം, അഡ്വ സരിത എന്നിവർ പ്രസംഗിച്ചു. റവ. ഫാ. ബേണി ഒ.എഫ്.എം.ക്യാപ് ക്ലാസു നയിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: പിഒസിയിൽ ആരംഭിച്ച മനശ്ശാസ്ത്രകോഴ്സ് ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഷാജി സ്റ്റീഫൻ ഒഡിഇഎം, അഡ്വ സരിത, ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. ബേണി ഒ.എഫ്.എം.ക്യാപ്, മിസ് സിയ എലിസബത്ത് എന്നിവർ സമീപം